MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com

APRIL 2012

Book : 33 Volume : 4

## ഉള്ളടക്കം

1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3. ഇടയലേഖനം ........ 07
4 വിജ്ഞാപനം – യുവജനവർഷം ........ 10
5 സർക്കുലർ – ലോകദൈവവിളിദിനം ........ 12
6 മാർപാപ്പയുടെ സന്ദേശം ........ 14
7 അച്ചന്മാരുടെ വാർഷികധ്യാനം ........ 20
8 പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 23
9 ബ്ലസ് എ ഹോം ........ 25
10 ചെന്നൈ മിഷൻ ........ 26
11 മതബോധനം ........ 27
12 **സംഘടനാവാർത്തകൾ**
സോഷ്യൽ ആക്ഷൻ ........ 30
നവചൈതന്യ ........ 30
അവാർഡ് ........ 32
സഭാവാർത്തകൾ ........ 34
ബി.എൽ.എം. ധ്യാനകേന്ദ്രം ........ 33
സെന്റ് പോൾസ് മൈനർ സെമിനാരി ........ 36
സി.എൽ.സി. ........ 40
സ്പിരിച്ചാലിറ്റി സെന്റർ ........ 41
സാൻജോ സദൻ ........ 42
കരിസ്മാറ്റിക് മൂവ്മെന്റ് ........ 42
കാത്തലിക് മൂവ്മെന്റ് ........ 43
13 ഇടയന്റെ നാളെകൾ ........ 44
14 ഇടയന്റെ ഇന്നലെകൾ ........ 45

# ഇടയശബ്ദം



*പ്രിയ സഹോദരവൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, വാത്സല്യ സഹോദരീസഹോദരന്മാരേ,*

2011 ഒക്ടോബർ 11–ാം തിയ്യതി അപ്പസ്തോലിക ലേഖനമായ 'വിശ്വാസത്തിന്റെ കവാടം' പ്രസിദ്ധീകരിച്ചുകൊണ്ട് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഔദ്യോഗികമായി വിശ്വാസവർഷം പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന് തുടക്കം കുറിച്ചതിന്റെ 50–ാം വാർഷികദിനമായ 2012 ഒക്ടോബർ 11–ാം തിയ്യതി ആരംഭിച്ച് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ദിനമായ 2013 നവംബർ 24–ാം തിയ്യതി സമാപിക്കുംവിധമാണ് വിശ്വാസവർഷം ആചരിക്കുക. വിശ്വാസവർഷത്തിന്റെ ലക്ഷ്യങ്ങളായി നാലു കാര്യങ്ങളാണ് പരി. പിതാവ് പറയുന്നത്.

1. മനുഷ്യജീവിതത്തിന് ദിശാബോധം നൽകുന്ന ക്രിസ്തു സംഭവവുമായുള്ള ഒരു നേർക്കാഴ്ചയാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ എന്ന് ആഴത്തിൽ മനസ്സിലാക്കുക.
2. ഉത്ഥിതനായ ക്രിസ്തുവുമായുള്ള നേർക്കാഴ്ചയിൽ അടിസ്ഥാനപ്പെട്ട് വിശ്വാസത്തെ അതിന്റെ പൂർണ്ണതയിലും മഹത്വത്തിലും വീണ്ടും കണ്ടെത്തുവാൻ പരിശ്രമിക്കുക.
3. നമ്മുടെ കാലഘട്ടത്തിനനുസൃതമായി വിശ്വാസം പരിപോഷിപ്പിക്കുവാനും സാക്ഷ്യം വഹിക്കുവാനും സാധിക്കുക.
4. ക്രൈസ്തവരായിരിക്കുന്നതിന്റെ സൗന്ദര്യവും സന്തോഷവും ജീവിക്കുവാൻ കർത്താവ് നൽകുന്ന അനുഗ്രഹം ഉൾക്കൊള്ളുക.

നമ്മുടെ കാലഘട്ടത്തിലെ സഭാജീവിതത്തെ ശക്തിപ്പെടുത്തിയ രണ്ട് സംഭവങ്ങളുടെ വാർഷികങ്ങൾ വിശ്വാസവർഷത്തെ പ്രഖ്യാപിക്കുവാൻ പരിശുദ്ധ പിതാവിന് പ്രേരണ നൽകി. ഈ രണ്ടു സംഭവങ്ങൾ താഴെപ്പറയുന്നവയാണ്

1. ജോൺ 23–ാമൻ മാർപാപ്പ വിളിച്ചു ചേർത്ത രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50–ാം വാർഷികം.

2. ജോൺപോൾ രണ്ടാമൻ മാർപാപ്പ സഭയ്ക്ക് നൽകിയ 'കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം' പുറത്തിറക്കിയതിന്റെ ഇരുപതാം വാർഷികം.

വിശ്വാസവർഷം പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് പുറത്തിറക്കിയ അപ്പസ്തോലികലേഖനത്തിന്റെ പേര് 'വിശ്വാസത്തിന്റെ കവാടം' എന്നാണ്. അപ്പസ്തോലപ്രവർത്തനങ്ങൾ 14:27ൽ അന്ത്യോക്യായിൽവച്ച് പൗലോസ് ശ്ലീഹയും സഹപ്രവർത്തകരും തങ്ങളുടെ അനുഭവം വിവരിക്കുന്നതിനിടയിൽ 'വിശ്വാസത്തിന്റെ വാതിൽ' വിജാതീയർക്ക് തുറന്നു കൊടുക്കുന്നതായി വിവരിക്കുന്നുണ്ട്. ദൈവവുമായുള്ള കൂട്ടായ്മയുടെ ജീവിതത്തിലേയ്ക്ക് നമ്മെ ക്ഷണിക്കുന്നതും അവിടുത്തെ സഭയിലേക്ക് നമുക്ക് പ്രവേശനം നൽകുന്നതുമായ കവാടമാണിത്. ഈ കവാടം എപ്പോഴും നമുക്കായി തുറന്നു കിടക്കുകയാണ്. ദൈവവചനം പ്രഘോഷിക്കപ്പെടുകയും പരിവർത്തിക്കുന്ന കൃപയാൽ രൂപപ്പെടുവാൻ ഹൃദയം സ്വയം അനുവദിക്കുകയും ചെയ്യുമ്പോൾ നമുക്ക് പ്രസ്തുത പടിവാതിൽ കടക്കാനാകും. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു യാത്രയാരംഭിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. നമുക്കും വിശ്വാസത്തിന്റെ പടിവാതിൽ കടന്ന് ഉത്ഥിതനായ ക്രിസ്തുവിന് സാക്ഷ്യം നൽകാം.

യുവജനങ്ങൾ ഉണർന്ന് പ്രശോഭിക്കുവാൻ ഉതകുന്ന വിധത്തിൽ ഏപ്രിൽ 2 മുതൽ യുവജനവർഷം ആരംഭിക്കുകയാണല്ലോ. വിശ്വാസത്തിൽ ആഴപ്പെടുവാൻ ആഹ്വാനം ചെയ്യുന്ന ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് യുവജനവർഷത്തോട് ഉൾചേർത്ത് ഒക്ടോബർ മുതൽ വിശ്വാസവർഷം നമുക്ക് ആചരിക്കണം. പരി. പിതാവ് നിർദ്ദേശിക്കുന്നതുപോലെ ഈ കാലഘട്ടത്തിൽ വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും കൂടുതൽ പഠിക്കുവാൻ നമുക്ക് പരിശ്രമിക്കാം. അതുവഴി നമുക്കും വിശ്വാസത്തിൽ കൂടുതൽ വളരാം.

ഈസ്റ്ററിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. ഉത്ഥിത നായ ഈശോയുടെ സമാധാനവും സന്തോഷവും നമ്മുടെ ജീവിതങ്ങളെ ഭരിക്കട്ടെ. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യട്ടെ.



ഇരിങ്ങാലക്കുട
25. 03. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

1. **Appointments**

**Rev. Fr. Nixon Chakkorya -** appointed Co-ordinator of the "Youth Year 2012" of the Eparchy of Irinjalakuda w.e.f. 13. 3. 2012.

**Rev. Fr. Anto Parekadan -** Relieved from all the offices of the Eparchy of Irinjalakuda and granted leave for four years to do Pastoral Ministry in the Eparchy of Bhadravathy w.e.f. 15. 3. 2012.

**Rev. Fr. Manoj Mekkedath -** appointed Acting Vicar, St. Mary's Church Karuvannur & Chaplain, Holy Angels' Convent, Karuvannur w.e.f. 15. 3. 2012.

**Rev. Dr. Joji Kallingal -** appointed Member Formation Council for Seminarians of the Eparchy of Irinjalakuda in virtue of his office as the Director of the Regent Brothers of the Eparchy of Irinjalakuda w.e.f. 17. 3. 2012.

2. **മാസധ്യാനം**

ബഹു. അച്ചന്മാരുടെ ഏപ്രിൽ മാസത്തിലെ ധ്യാനം ഫൊറോന പള്ളികളുടെ നേതൃത്വത്തിലായിരിക്കും.

3. ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അഭിവന്ദ്യ പിതാവിന്റെ നോമ്പുകാല ഇടയലേഖനത്തിൽ സൂചിപ്പിച്ചിരുന്ന നിർദ്ദേശമനുസരിച്ച് നോമ്പുകാല പരിത്യാഗത്തിന്റെ ഫലമായി മിച്ചം വയ്ക്കുന്ന സംഖ്യ ശേഖരിച്ച് 50% ഇടവകയിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതും 50% ബ്ലസ് എ ഹോം പദ്ധതിയിലേക്ക് നൽകേണ്ടതുമാണ്.

4 **പെസഹാവ്യാഴം**

അന്നേദിവസത്തെ ആരാധന സമാപനം രാത്രി 9 മണിക്ക് സക്രാരി തുറക്കാതെ ധൂപാർപ്പണത്തോടെ നടത്തേണ്ടതാണ്.

5 **ദുഃഖവെള്ളി – ഉപവാസദിനം**

ദുഃഖവെള്ളിയാഴ്ചയിലെ സ്തോത്രക്കാഴ്ച വിശുദ്ധ നാടിന്റെ സംരക്ഷണത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാഭവനത്തിൽ ഏല്പിക്കേണ്ടതാണ്.

6 **ഉയിർപ്പ് ഞായർ**

ഏപ്രിൽ 8 ഞായർ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ

**7. രൂപത കാര്യാലയത്തിന് അവധി**

ഓശാന ഞായർ മുതൽ ഉയിർപ്പ് 2–ാം ഞായർ വരെ.

**8. തിരുസൈത്ത് വെഞ്ചിരിപ്പ്**

തിരുസൈത്ത് വെഞ്ചരിക്കുന്ന ഏപ്രിൽ 2–നു തന്നെ ഇടവകകളിലേക്കും സ്ഥാപനങ്ങളിലേക്കും സൈത്ത് കൊണ്ടുപോകുവാൻ സൗകര്യമുണ്ടായിരിക്കും. ബഹു. അച്ചന്മാരോ, ബഹു. ഡീക്കന്മാരോ ആണ് സൈത്ത് കൊണ്ടുപോകാൻ വരേണ്ടത്. മറ്റുള്ളവർ വശം കൊടുത്ത് വിടുന്നതല്ല.

**9. ചെന്നൈ മിഷൻ സൺഡേ – പുതുഞായറാഴ്ച ഏപ്രിൽ 15**

ചെന്നൈ മിഷൻ സൺഡേയായ പുതുഞായറാഴ്ച ചെന്നൈ മിഷനെക്കുറിച്ച് വിശ്വാസികൾക്ക് വിശദീകരിച്ചു കൊടുക്കണം. അന്നേദിവസം മിഷനെ സഹായിക്കാനായി സ്തോത്രകാഴ്ച എടുക്കുകയും പ്രസ്തുത സംഖ്യ മെയ് 15ന് മുമ്പ് രൂപതാഭവനത്തിൽ ഏല്പിക്കുകയും വേണം.

**10 ഏപ്രിൽ 18**

മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക സ്ഥാനാരോഹണ 2–ാം വാർഷിക സുദിനം. പിതാവിനുവേണ്ടി പ്രാർത്ഥിക്കാം. ആശംസകൾ നേരാം.

**11 ലോകദൈവവിളി ദിനം**

ഏപ്രിൽ 29–ന് ലോകദൈവവിളിദിനം പ്രമാണിച്ച് അന്ന് പള്ളികളിലും സ്ഥാപനങ്ങളിലും വൈദികപരിശീലനച്ചെലവിലേക്ക് പ്രത്യേക പിരിവെടുത്ത് മെയ് 31–നകം രൂപതാകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**12. തൊഴിലാളി ദിനം–മെയ് 1**

തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിനും തൊഴിലാളി–തൊഴിലുടമ ബന്ധങ്ങളിൽ സ്നേഹവും സമാധാനവും വളർത്തി നാടിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോദ്ധ്യം ഉൾക്കൊള്ളുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്താം. ഇടവകകളിൽ തൊഴിലാളിദിന ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. മെയ് 6–ന് ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ നിയോഗാർത്ഥം സ്തോത്രകാഴ്ച എടുത്ത് മെയ് 30–ന് മുൻപ് രൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്. രൂപതാതല മെയ്ദിനാഘോഷം മെയ് 1–ന് നടക്കുന്നതാണ്.

**13. വൈദികരുടെ വാർഷികധ്യാനം**

ബഹു. അച്ചന്മാരുടെ വാർഷികധ്യാനം കല്ലേറ്റുംകര PACS–ൽ മൂന്ന് ബാച്ചുകളിലായി നടത്തപ്പെടുന്നു. ഒന്നാം ബാച്ച് ധ്യാനം 2012 ജൂൺ 25 മുതൽ 29 വരെയും രണ്ടാം ബാച്ച് ജൂലൈ 9 മുതൽ 13 വരെയും മൂന്നാം ബാച്ച് ജൂലൈ 16 മുതൽ 20 വരെയും തിയ്യതികളിലാ

യിരിക്കും. ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ച് ഈ മാസത്തെ ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. തക്കകാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം നേരത്തെ തന്നെ രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**ധ്യാനഗുരു : മാർ ബോസ്കോ പുത്തൂർ**, സീറോമലബാർ സഭ കൂരിയ മെത്രാൻ

14 **വൊക്കേഷൻ ബ്യൂറോ :** രൂപതയ്ക്കകത്തും പുറത്തും ഉള്ള സന്യാസിനീസന്യാസസമൂഹങ്ങളിൽ അർത്ഥിനികൾ ആയി ചേരുന്നവരും മറ്റു രൂപതാ സെമിനാരികളിൽ ചേരുന്നവരും ജനനതിയ്യതി, മാമ്മോദീസ തിയ്യതി, സ്ഥൈര്യലേപന തിയ്യതി എന്നിവയുടെ സർട്ടിഫിക്കറ്റും വികാരിയച്ചനിൽനിന്നുള്ള സ്വഭാവസർട്ടിഫിക്കറ്റും രൂപതാകച്ചേരിയിൽ നൽകി പേർ രജിസ്റ്റർ ചെയ്തശേഷം സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

15 **കുടുംബകൂട്ടായ്മ വർഷം 2012**

കഴിഞ്ഞ 1 വർഷത്തെ കുടുംബകൂട്ടായ്മ വർഷാചരണ പരിപാടിക ളുടെ വിജയത്തിനായി സഹകരിക്കുകയും ത്യാഗം കാഴ്ചവയ്ക്കുക യും ചെയ്ത ബഹു. അച്ചന്മാർ, ബഹു. സമർപ്പിതർ, രൂപത–ഫൊ റോന–ഇടവക തലത്തിലുള്ള വിവിധ കമ്മറ്റികൾ കുടുംബസമ്മേളന രൂപത–ഫൊറോന–ഇടവക ഭാരവാഹികൾ എന്നിവക്കെല്ലാം രൂപതയുടെ പേരിലുള്ള നന്ദി അറിയിക്കട്ടെ. ഈ വർഷത്തിന്റെ ചൈതന്യം കൂടുതൽ ഉജ്ജ്വലമാക്കിക്കൊണ്ട് വരുംകാലങ്ങളിൽ കുടുംബകൂട്ടായ്മാ പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ സജീവമാക്കാം.

16 **Minor Orders and Diaconate**

നമ്മുടെ രൂപതയിലെ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവ്പദിയാക്ന, മ്ശംശാന പട്ടങ്ങൾ ഏപ്രിൽ 3 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരായിൽവച്ച് നൽകപ്പെടുന്നതാണ്. ഇവർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഈ വർഷം ഡീക്കന്മാരാകുന്നവർ : 1. ബ്ര. അരിമ്പൂപറമ്പിൽ സിനു (മതിലകം), 2. ബ്ര. കളമ്പാടൻ ബിവിൻ (വെള്ളിക്കുളങ്ങര), 3. ബ്ര. മാളിയേക്കൽ കൂനൻ ജോസഫ് (പുത്തൻചിറ ഫൊറോന), 4. ബ്ര. പെരേപ്പാടൻ മെൽവിൻ (ആളൂർ), 5. ബ്ര. കിഴക്കുംതല ജോസഫ് (ചാലക്കുടി ഫൊറോന), 6. ബ്ര. എടാട്ടുകാരൻ സെബിൻ (മേലഡൂർ), 7. ബ്ര. ചെറുപറമ്പിൽ ലെസ്‌ലിൻ (വാസുപുരം)

രൂപതാഭവനം **മോൺ. ജോസ് ഇരിമ്പൻ**
22. 03. 2012 വികാരി ജനറാൾ

275/12
21. 03. 12

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും
ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ രൂപതയിലെ
ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ
സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

"മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല" (റോമ 6,0). "നിങ്ങൾ ജീവന്റെ നാഥനെ വധിച്ചു. എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ് (അപ്പ. പ്രവ. 3,13). യേശുവിന്റെ ജീവിതം കുരിശിൽ അവസാനിച്ചില്ല. മരണത്തെ അതിജീവിച്ച് യേശു ഉയിർത്തെഴുന്നേറ്റു. യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള വിവരണങ്ങളും ശിഷ്യരുടെ ഓർമ്മകളും പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (മർക്കോ. 16,1–3; മത്താ. 28,6; യോഹ. 20,1–10; ലൂക്കാ 24,13–49). ക്രൈസ്തവസമൂഹത്തിന്റെ ആദ്യകാലവിശ്വാസം വിശുദ്ധ പൗലോസ് സാക്ഷ്യപ്പെടുത്തുന്നു. "വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്ക്കരിക്കുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കോപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി" (1 കോറി. 5,3–5).

വേദപുസ്തക വിവരണങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നത്, കുരിശുമരണത്തിന് യേശുവിന്റെ ജീവൻ അവസാനിപ്പിക്കുവാൻ കഴിഞ്ഞില്ല, ക്രിസ്തു തങ്ങളോടൊപ്പമുണ്ട്, എന്ന അനുഭവമാണ്. ഞാൻ നിങ്ങളോടൊപ്പമുണ്ട് എന്ന ഉറപ്പ് നൽകിക്കൊണ്ട് യേശു ശിഷ്യർക്കു പലവട്ടം പ്രത്യക്ഷനായി പ്രതീക്ഷയും ആത്മശക്തിയും പ്രദാനം ചെയ്തു.

യേശുവിന്റെ മരണത്തോടെ എല്ലാം അവസാനിക്കുകയല്ല, ആരംഭിക്കുകയാണ് ചെയ്തത്. ചിതറിപ്പോയ ശിഷ്യന്മാർ ഒരുമിച്ചു കൂടി; സഭാസമൂഹം രൂപം കൊണ്ടു. ഉയിർപ്പിനുശേഷമുള്ള പുതിയ ആരംഭം വളരെ ശക്തമായിരുന്നു. ഉത്ഥാനം പുതിയ സൃഷ്ടിയുടെ ആരംഭമായിരുന്നു (1 കോറി. 15, 42–43). തങ്ങളിലൂടെ ദൈവരാജ്യപ്രവർത്തനം തുടരുകയാണെന്ന അവബോധം ശിഷ്യന്മാരെ കർമ്മനിരതരാക്കി. "ക്രിസ്തു

ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോറി. 15,14).

ക്രിസ്തുവിനെ ഉയിർപ്പിക്കുന്നതിലൂടെ ദൈവം ആരാണെന്ന് വെളിപ്പെടുന്നു. ജീവന്റേയും മരണത്തിന്റേയും മേൽ അവകാശമുള്ളവനും പുതിയ ജീവന്റെ ശക്തിയും സ്രോതസ്സുമാണ് ദൈവം. നമ്മുടെ എല്ലാ കഴിവുകളും നശിക്കുമ്പോൾ പൂർണ്ണമായി നമുക്കാശ്രയിക്കാനാവുന്നവനുമാണ് ദൈവം. നിരാശയുടെ അനുഭവങ്ങളിൽ പ്രതീക്ഷ നൽകാൻ ദൈവത്തിന് കഴിയും എന്നതിന്റെ ഉറപ്പാണ് ഉത്ഥാനം. യേശുക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയും ഭാവിയും. “ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്” (റോമ 8,24). ഉത്ഥാനത്തിലൂടെ, യേശുവിലും യേശുവിലൂടെയും എല്ലാ മനുഷ്യർക്കും ദൈവത്തിന്റെ സ്നേഹം ഉറപ്പായിരിക്കുന്നു. എല്ലാം തീർന്നു എന്നു കരുതുമ്പോൾ പുതുതായി തുടങ്ങാൻ കഴിയുന്നവനാണ് ദൈവം.

ശൂന്യമായ കല്ലറയുടെ സമീപം കരഞ്ഞു നിൽക്കുന്ന മഗ്ദലന മറിയത്തെപ്പോലെയാണ് പലപ്പോഴും നമ്മൾ. “എന്റെ കർത്താവിനെ അവർ എടുത്തു കൊണ്ടുപോയി” (യോഹ 20, 13) ദൈവം എന്നെ ഉപേക്ഷിച്ചു; ദൈവം എന്നോടൊപ്പമില്ല എന്നു കേഴുന്നവർ. സഹനങ്ങളുടെ നടുവിൽ നിസ്സഹായരായി പകച്ചു നിൽക്കുന്നവർ. എന്നാൽ ഉത്ഥിതനായ ക്രിസ്തു അവളുടെ സമീപത്തുണ്ടായിരുന്നു. ‘എന്തിനാണ് കരയുന്നത്?’ (യോഹ. 20,15) എന്ന് സ്നേഹപൂർവ്വം ചോദിക്കുന്ന ഉത്ഥിതനായ ക്രിസ്തു നമ്മുടെ പ്രത്യാശയാണ്.

ഉത്ഥാനത്തിലും നിത്യമായ ജീവിതത്തിലും പ്രത്യാശയില്ലാത്തവരെപ്പോലെയാണ് പലരും ജീവിക്കുന്നത് എന്നത് സങ്കടകരമാണ്. ഉത്ഥാനത്തിലും നിത്യജീവിതത്തിലും പ്രത്യാശയില്ലാത്തവർ മരണസംസ്കാരത്തിന്റെ സംവാഹകരാണ്. മരണസംസ്കാരത്തിന്റെ ഭിന്നരൂപങ്ങൾ ജീവന്റെ സംസ്കൃതിയെ നിഹനിക്കുന്ന കാഴ്ച ഭയാനകമാണ്. അശ്രദ്ധമായി വാഹനങ്ങൾ ഓടിച്ച് അപകടങ്ങൾ വരുത്തുന്നവരും, വയോധികരെ തിരസ്കരിക്കുന്നവരും, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരും, ആത്മഹത്യയാണ് പ്രശ്നങ്ങൾക്ക് പ്രതിവിധി എന്നു കരുതുന്നവരും, ഗർഭഛിദ്രത്തെ അനുകൂലിക്കുന്നവരും, ലൈംഗികവൈകൃതങ്ങളെ ന്യായീകരിക്കുന്നവരും, പരിസ്ഥിതിയെ മലിനപ്പെടുത്തുന്നവരും, ധനവും സ്ഥാനമാനങ്ങളും അത്യധികമായി മൂല്യങ്ങളായി കണ്ട് അവയെ വിഗ്രഹങ്ങളാക്കുന്നവരും ഉത്ഥാനജീവിതത്തെ നിരാകരിക്കുന്നു എന്നതാണ് സത്യം. മരണസംസ്കാരത്തെ തോൽപ്പിച്ച് നിത്യജീവന്റെ സംസ്കാരത്തെ പരിപോഷിപ്പിക്കുവാൻ ക്രിസ്തുവിന്റെ ഉത്ഥാനം നമ്മെ നിർബന്ധിക്കുന്നു. ജീവനെ നശിപ്പിക്കുന്ന തിന്മകളെ ചെറുക്കാനും വെറുത്തുപേക്ഷിക്കുവാനും ഉയിർപ്പ് ശക്തി പകരട്ടെ.

ഉയിർപ്പിലുള്ള വിശ്വാസം നമ്മെ കർമ്മനിരതരാക്കണം. ലോകം തിന്മയാണെന്നു കരുതി മാറിനിൽക്കേണ്ടവനല്ല ക്രിസ്ത്യാനി. ഈ ലോകത്തെ പ്രത്യാശയുടെയും ജീവന്റെയും ഇടമാക്കി മാറ്റാനുള്ള നിയോഗം ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നു. ഈ ദൗത്യം നിറവേറ്റാൻ നമുക്കൊരുമിച്ച് യത്നിക്കാം. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11,25). ക്രിസ്തുവിന്റെ വാഗ്ദാനങ്ങളെ അംഗീകരിക്കുന്നവന് ഈ ലോകത്തിന്റെ വേദനകളിൽ പ്രതീക്ഷയോടെ വർത്തിക്കാനാകും. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2,20). യേശുവിന്റെ ഉത്ഥാനത്തിലൂടെ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തിൽനിന്നും വേർപെടുത്തുവാൻ ഈ ലോകത്തിലെ യാതൊന്നിനും സാദ്ധ്യമല്ല എന്നുള്ള വി. പൗലോസിന്റെ ആത്മധൈര്യം (റോമ 8,31–39) നമുക്കും ശക്തി പകരട്ടെ. പ്രത്യാശയുടെ നിറവ് നമ്മെ പ്രശോഭിപ്പിക്കട്ടെ.

വചനത്തിലൂടെ (ലൂക്കാ. 24,32), ദിവ്യകാരുണ്യത്തിലൂടെ (ലൂക്കാ. 24,35), കൂട്ടായ്മയിലൂടെ (യോഹ. 20,26), പ്രാർത്ഥനയിലൂടെ (അപ്പ. പ്രവ. 1,14), അനുരഞ്ജനത്തിലൂടെ (യോഹ. 20,23), ഭക്ഷണമേശയിലെ സൗഹൃദങ്ങളിലൂടെ (യോഹ. 21,1–14) ഉത്ഥിതനായ ക്രിസ്തുവിനെ അനുദിനം അനുഭവിക്കുവാൻ നമുക്കു പരിശ്രമിക്കാം.

"യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക" (ലൂക്കാ. 7,14) എന്ന് കൽപിച്ചുകൊണ്ട് നായിനിലെ വിധവയുടെ മകനെ ഉയിർപ്പിച്ച് അവൾക്കു പ്രതീക്ഷകൊടുത്ത കർത്താവ്, ഈ യുവജനവർഷത്തിൽ നമ്മുടെ യുവജനങ്ങളെ പിടിച്ചെഴുന്നേൽപ്പിക്കാൻ ആഗ്രഹിക്കുന്നു. യുവജനങ്ങൾക്കു പ്രതീക്ഷ കൊടുക്കുവാൻ യുവജനവർഷ പരിപാടികൾ നമുക്ക് സജീവമാക്കാം. യുവജനങ്ങളെ, മാതാപിതാക്കൾക്കും സഭയ്ക്കും രാഷ്ട്രത്തിനും പ്രതീക്ഷ കൊടുക്കുവാൻ നമുക്ക് ഉത്ഥിതന്റെ കൈ പിടിച്ച് എഴുന്നേൽക്കാം. ഏവർക്കും ഉയിർപ്പിന്റെ സമാധാനവും പ്രതീക്ഷയും നേരുന്നു.

ഇരിങ്ങാലക്കുട
22. 03. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ ഇടയലേഖനം ഏപ്രിൽ 8–ാം തിയ്യതി ഈസ്റ്റർ ദിനത്തിൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

274/12
21. 03. 12

# വിജ്ഞാപനം

## യുവജനവർഷം 2012-2013

*ഈശോയിൽ ബഹു. വൈദികരെ, സന്യസ്തരെ, പ്രിയ മക്കളേ,*

കുടുംബങ്ങളെ ശാക്തീകരിക്കുന്നതിനും കുടുംബകൂട്ടായ്മകളെ സജീവമാക്കുന്നതിനും അതുവഴി രൂപതയെയും സഭയെയും ജീവസുറ്റതാക്കുന്നതിനും 2011 ഏപ്രിൽ മാസത്തിൽ നമ്മുടെ രൂപത ആരംഭിച്ച കുടുംബ കൂട്ടായ്മവർഷത്തിന്റെ സമാപനത്തിൽ എത്തുമ്പോൾ അതിന്റെ ചൈതന്യം ഒട്ടുംതന്നെ കുറയാതെ നാം പുതിയ കർമ്മ പരിപാടികളിലേക്ക് നീങ്ങുയാണ്. തയ്യാറാക്കിയ അജപാലന പദ്ധതിയനുസരിച്ച് രൂപതയുടെ റൂബി ജൂബിലി ലക്ഷ്യമാക്കികൊണ്ട് ഈ വർഷം നാം വിഭാവനം ചെയ്യുന്നത് യുവജനങ്ങളെ ശക്തിപ്പെടുത്തുന്നതിനും യുവതീയുവാക്കളെ ക്രിസ്തുവിനോടും സഭയോടും രൂപതയോടും ചേർത്തുനിറുത്തി രാഷ്ട്രത്തോടും സമൂഹത്തോടും പ്രതി ബദ്ധതയുള്ളവരാക്കുന്നതിനും വേണ്ടിയാണ്. 2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെ യുവജനവർഷമായി നമ്മുടെ രൂപത ആചരിക്കുന്ന കാര്യം ഏവരേയും ഓർമ്മപ്പെടുത്തുന്നു.

ഓരോ മനുഷ്യനെ സംബന്ധിച്ചും യുവത്വം ഉയർന്ന ആരോഗ്യവും ഉന്നതമായ ചിന്തയും കൈമുതലായ ഏറ്റവും സുന്ദരമായ സമയമാണ്. സർഗാത്മാകമായ കഴിവുകളും നന്മതിന്മകളെ വിവേചിക്കാനുള്ള വിവേകവും സാമൂഹികപരിതസ്ഥിതിയോടും പ്രതികരിക്കാനുള്ള തീക്ഷ്ണതയും നിറഞ്ഞുനില്ക്കുന്ന ഒരു കാലഘട്ടമാണിത്. രാജ്യത്തിലെ ജനങ്ങളിൽ നല്ല ശതമാനവും യുവജനങ്ങളാണെന്നുള്ളത് പ്രതീക്ഷകൾ വർദ്ധിപ്പിക്കുന്നു. ഓരോ രാഷ്ട്രത്തിന്റെയും ഭാവി ഭദ്രമാക്കുന്നതും സാമ്പത്തികമേഖലകളെ നിയന്ത്രിക്കുന്നതും സംസ്ക്കാരത്തെ വിരചിക്കുന്നതും ധാർമ്മികതയെ നിർവചിക്കുന്നതും ആ രാജ്യത്തിലെ യുവതീയുവാക്കളാണ്. അതുകൊണ്ട് തന്നെ ശക്തരായ, മൂല്യ ബോധമുള്ള, ആഴമായ ദർശനമുള്ള യുവതലമുറയെ നാം വളർത്തിയെടുക്കേണ്ടതുണ്ട്.

എങ്കിലും നാഗരികതയുടെയും ഉപഭോഗസംസ്ക്കാരത്തിന്റെയും സിരാവലയത്തിൽ അകപ്പെട്ട് സ്വത്വം നഷ്ടപ്പെടുന്ന ഒരു യുവതലമുറ നമ്മുടെ കൺമുമ്പിലുണ്ട്. സമ്പത്തിനും കഴമ്പില്ലാത്ത ആർഭാടത്തിനും അവർ ഒടുക്കുന്ന വില അവരുടെ ജീവിതം തന്നെയാണ്. ഇന്നലെകളുടെ വേരുകളും നാളെകളുടെ നാമ്പുകളും അവർക്ക് അന്യമാകുന്നു. ഇന്ദ്രിയങ്ങളുടെ സ്വാതന്ത്ര്യം മാത്രമേ ഈ യുവതലമുറയുടെ മുമ്പിലുള്ളു. സുഖത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലുകൾ മാത്രമായി അവശേ ഷിക്കുന്നു. അവരുടെ ജീവിതം. മരണത്തിനപ്പുറമുള്ള അമർത്യതയുടെ ലോകത്തെപറ്റി ചിന്തിക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല. കാലഹരണപ്പെട്ട പ്രത്യയശാസ്ത്രങ്ങളുടെയും ആകർ ഷിക്കുന്ന പഠനങ്ങളുടെയും പിന്നാലെ പായാനാണ് അവർക്ക് താത്പര്യം.

സൃഷ്ടിപരമായ ഒരുപാടുകഴിവുകളുള്ള, വളരെയധികം ഉത്സാഹശീ

ലമുള്ള, എവിടെയും ഇഴുകിചേരാൻ കെല്പുള്ള യുവജനങ്ങൾ എന്തു കൊണ്ട് വഴിതെറ്റിപോകുന്നു എന്നുള്ള അസ്വസ്ഥതകൾ ഒരുപാട് മനസുകളിലുണ്ട്. ആരെയും പഴിചാരി ഉത്തരവാദിത്വങ്ങളിൽനിന്ന് രക്ഷപ്പെടാനല്ല കുറവുകളെ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സൃഷ്ടിക്കാനാണ് നമ്മുടെ ശ്രമം. ഈ അടുത്ത കാലത്ത് കുറെയധികം യുവജനങ്ങളുടെ ഇടയിൽ നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ കണ്ടെത്തിയ വെളിപാടുകൾ നമ്മുടെ പദ്ധതികൾക്കും ആസൂത്രണങ്ങൾക്കും സഹായകമാകുമെന്നുള്ളതു കൊണ്ട് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ജീവിതത്തിന് വ്യക്തമായ ലക്ഷ്യം കാണിച്ചുകൊടുക്കാൻ ആരുമില്ലാതെ പോകുന്നു എന്നുള്ളത് ഇന്നത്തെ തലമുറയുടെ ഹൃദയത്തിൽ നിന്നുയരുന്ന നിലവിളിയാണ്. മാതാപിതാക്കളും ഗുരുഭൂതരും നേതാക്കളും ഭരണാധികാരികളും ഇവിടെ വിമർശിക്കപ്പെടുന്നു. ഉള്ളിന്റെ ഉള്ളിൽ സ്നേഹം വറ്റിപോകുന്ന മാതാപിതാക്കൾ, മാതൃകയല്ലാതാകുന്ന ഗുരുക്കന്മാർ, തിന്മയെ സൗന്ദര്യവല്ക്കരിക്കുന്ന മാധ്യമങ്ങൾ, വാക്കുകളും പ്രവൃത്തികളും യോജിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കാത്ത നേതൃത്വനിരകൾ, കാര്യലാഭത്തിനുവേണ്ടി നിയമങ്ങൾ സൃഷ്ടിക്കുന്ന സർക്കാരുകൾ യുവതലമുറയെ അധ:പതനത്തിലേക്ക് നയിക്കുന്നതിന് കാരണമാകുന്നുവെന്ന് യുവതീയുവാക്കൾ വെളിപ്പെടുത്തുന്നു. നിയതമായ ലക്ഷ്യത്തിലേക്ക് വഴികൾ തുറന്നുകിട്ടുന്നതിനും അനുഗമിക്കാൻ വ്യക്തിത്വങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും മുറുകെപിടിക്കാൻ കാര്യങ്ങൾ ഉണ്ടാകുന്നതിനും വിശ്വസിക്കാൻ കാരണങ്ങളുണ്ടാകുന്നതിനും ഏറ്റുപറയാൻ വിശ്വാസംഹിത നിർമ്മിക്കപ്പെടുന്നതിനും യുവജനങ്ങൾ ദാഹിക്കുന്നുവെന്ന് സാരം.

ഇവിടെ, നഷ്ടപ്പെട്ടുപോകുന്ന ഭാവിപ്രതീക്ഷകളെ വെളിച്ചത്തിലേക്കും സ്വപ്നങ്ങളിലേക്കും ജീവിതത്തിലേക്കും കൊണ്ടുവരാനാണ് നമ്മുടെ ശ്രമം. പണത്തിനും അധികാരത്തിനും പ്രശസ്തിക്കും അപ്പുറത്ത് ജീവിതത്തിന് വർണ്ണം നല്കുന്ന ചില ബോധ്യങ്ങളിലേക്കും കാഴ്ചപ്പാടുകളിലേക്കും പ്രവർ ത്തനമേഖലകളിലേക്കും യുവജനങ്ങളെ കൈപിടിച്ചുയർത്താനുള്ള കൂട്ടായ പരിശ്രമം. ഇതിൽ വ്യക്തമായ ദിശാബോധം നല്കുന്ന ക്ലാസുകളും സാമൂഹിക പ്രതിബദ്ധത പ്രകടമാക്കാനുള്ള പ്രവർത്തനങ്ങളും സൃഷ്ടിപരമായ കഴിവുകളെ വളർത്താനുള്ള മത്സര പരിപാടികളും ആത്മീയതയും സഭാ സ്നേഹവും അരക്കിട്ടുറപ്പിക്കുന്ന പരിശീലനങ്ങളും നാം ഉൾപ്പെടുത്തുന്നുണ്ട്. നല്ല ഭാവിക്കായ്, നവയുവജന സൃഷ്ടിക്കായ് നമുക്ക് കരങ്ങൾ കോർക്കാം. യുവജനങ്ങൾ ഉണർന്ന് പ്രശോഭിക്കാൻ ഇടയാകട്ടെ. യുവജനങ്ങളുടെ മാതൃകയും പ്രചോദനവുമായ ക്രിസ്തു നമ്മുടെ വഴികളെ പ്രകാശിപ്പിക്കട്ടെ.

പ്രാർത്ഥനയോടെ,



ഇരിങ്ങാലക്കുട<br>22. 03. 2012

**മാർ പോളി കണ്ണൂക്കാടൻ**<br>ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB: ഈ വിജ്ഞാപനം ഏപ്രിൽ 1–ാം തിയ്യതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

279/12
23. 03. 12

# സർക്കുലർ

## ലോക ദൈവവിളിദിനം

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു" (ജറെ. 1/5). നാമെല്ലാവരും ഫലവത്തായ ജീവിതത്തിലൂടെ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. വിവാഹം, പൗരോഹിത്യം, സന്യാസം ഇത് മൂന്നും വിവേകപൂർണ്ണമായ തിരഞ്ഞെടുപ്പിലൂടെ പ്രവേശിക്കേണ്ട ജീവിതാവസ്ഥകളാണ്. കാരണം മനുഷ്യന്റെ പരമലക്ഷ്യം സ്വർഗ്ഗപിതാവിന്റെ പരിപൂർണ്ണത പ്രാപിക്കലാണല്ലോ (മത്താ. 5:48)

തന്റെ ജനത്തെ പരിപൂർണ്ണതയിലേയ്ക്ക് നയിക്കാനും, വിശുദ്ധീകരിക്കാനും, പഠിപ്പിക്കാനും, 'തനിക്കു ഇഷ്ടമുള്ളവരെ അവൻ അടുത്തേക്ക് വിളിച്ചു" (മർക്കോ. 3/13). തന്റെ രക്ഷാകരദൗത്യം ഈ ഭൂമിയിൽ തുടരുന്നതിന് "എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" (മത്താ. 4/9) എന്നു പറഞ്ഞിട്ടാണ് ഈശോ ശിഷ്യരെ വിളിച്ചത്. തന്റെ മനസ്സിനിണങ്ങിയവരെ, തന്നോടു ചേർത്തു നിർത്തി പുതിയ ഒരു വീക്ഷണഗതി നൽകിയാണ് അയയ്ക്കുന്നത് (1 കോറി. 2/15).

സത്യത്തിന്റെ വീക്ഷണഗതിയുമായി ഇന്ന് ഈശോയെ പിഞ്ചെല്ലുക വലിയ വെല്ലുവിളിയാണ്. സത്യത്തിനും നീതിക്കും നന്മക്കും മുൻതൂക്കം നൽകുന്ന സമർപ്പിതർ ഇന്ന് നിരീശ്വരവാദികളുടെയും, രാഷ്ട്രീയക്കാരുടെയും, മാധ്യമങ്ങളുടെയും കണ്ണിലെ കരടായിരിക്കുകയാണ്. വാസ്തവവിരുദ്ധമായ കാര്യങ്ങളെപ്പോലും പെരുപ്പിച്ച് കാണിച്ച് ധാർമ്മികതക്കും മൂല്യങ്ങൾക്കും ഒരു പ്രതിസംസ്കാരം സൃഷ്ടിക്കാൻ മാധ്യമങ്ങളും പ്രത്യയശാസ്ത്രങ്ങളും മതവിരോധികളും കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്.

ഇത് തിരിച്ചറിഞ്ഞ് സമർപ്പിതജീവിതത്തെ പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനത്തിലൂടെയും ശക്തിപ്പെടുത്തേണ്ടത് വിശ്വാസികളേവരുടെയും അവശ്യകടമയാണ്. കുടുംബം ദൈവവിളിയുടെ പിള്ളത്തൊട്ടിലാണെന്നും, "കുടുംബങ്ങളുടെ പുഷ്പിക്കലാണ് ദൈവവിളി" (പോൾ ആറാമൻ പാപ്പ) യെന്നും മാതാപിതാക്കൾ തിരിച്ചറിയണം.. വിശ്വാസത്തിലും, ധാർമ്മികതയിലും

അടിയുറപ്പിച്ച് സഭയോടും സമർപ്പിതരോടും വിശ്വസ്തതയും സഹകരണവും പുലർത്തുമ്പോൾ നല്ല ദൈവവിളികൾ നാമ്പെടുക്കും. വികാരിയച്ചന്മാരും, സന്യസ്തരും, മതാദ്ധ്യാപകരുമെല്ലാം ദൈവവിളിയുടെ കാവൽക്കാരാണ്.

സഭയുടെ ആരംഭം മുതൽ സമർപ്പിതരായ വൈദികരിലൂടെയും, സന്യസ്തരിലൂടെയും നാം അനുഭവിച്ച വിശ്വാസത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും, സ്നേഹത്തിന്റെയും, ധാർമ്മികതയുടെയും, നീതിബോധത്തിന്റെയും നല്ല പാഠങ്ങൾ നമുക്ക് മറക്കാതിരിക്കാം.

വൈദികപരിശീലനത്തിന് സാമ്പത്തികസഹായം നൽകി പ്രോത്സാഹിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. ഒരു വൈദികവിദ്യാർത്ഥിയെ പഠിപ്പിക്കുന്നതിന് 15,000 രൂപയുടെ നിക്ഷേപം സെന്റ് പോൾസ് മൈനർ സെമിനാരിയിൽ നൽകി പഠനച്ചെലവിന് സഹായിക്കാവുന്നതാണ്. ലോകദൈവവിളി പ്രാർത്ഥനാദിനമായ ഏപ്രിൽ 29 ഞായറാഴ്ച കുർബാനമദ്ധ്യേ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവുകൾക്കായി 2012 മെയ് 31–ാം തിയ്യതിക്ക് മുമ്പേ രൂപതാഭവനത്തിൽ ഏൽപ്പിക്കേണ്ടതാണ്.

കഴിഞ്ഞ 34 വർഷം ഇരിങ്ങാലക്കുട രൂപതയിലെ വൈദികപരിശീലനത്തിന് നിങ്ങൾ നൽകിയ പ്രോത്സാഹനത്തിനും, സാമ്പത്തികസഹായത്തിനും ഇത്തരുണത്തിൽ കൃതജ്ഞതയർപ്പിക്കുന്നു. ഏപ്രിൽ 29 ഞായറാഴ്ച ദൈവവിളി ഞായറാഴ്ചയായ് ആഘോഷിക്കുമ്പോൾ എല്ലാ സമർപ്പിതർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

യേശുവിൽ നിങ്ങളുടെ പിതാവ്

ഇരിങ്ങാലക്കുട — **മാർ [illegible]ർ**
23. 03. 2012 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

<u>NB:- ഈ സർക്കുലർ ഏപ്രിൽ 22–ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളിക</u>ളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

---

## യുവജനവർഷ എംബ്ലം



# 49–ാം ലോകദൈവവിളി പ്രാർത്ഥനാദിനം

**29 ഏപ്രിൽ 2012 ഉയിർപ്പു കഴിഞ്ഞ് നാലാം ഞായർ**
**ബെനഡിക്ട് 16–ാമൻ മാർപാപ്പയുടെ സന്ദേശം**

**വിഷയം: ദൈവവിളികൾ: ദൈവസ്നേഹത്തിന്റെ ദാനം**

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള 49–ാം ലോകപ്രാർത്ഥനാദിനം 2012 ഏപ്രിൽ 29 –ന്, ഈസ്റ്റർ കഴിഞ്ഞുവരുന്ന നാലാം ഞായറാഴ്ചയാണ് ആചരിക്കുന്നത്. “ദൈവവിളികൾ ദൈവസ്നേഹത്തിന്റെ ദാനം” എന്ന പ്രമേയത്തെക്കുറിച്ചു ധ്യാനിക്കാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു.

പരിപൂർണമായ ഓരോ ദാനത്തിന്റെയും ഉറവിടം സ്നേഹമാകുന്ന ദൈവമാണ്. “ദൈവം സ്നേഹമാകുന്നു: സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു” (1 യോഹ 4:16). ദൈവവും മനുഷ്യനും തമ്മിലുള്ളതും സൃഷ്ടികർമ്മത്തിനു മുമ്പേ ഉള്ളതുമായ ഈ ആദിമബന്ധത്തിന്റെ കഥ വിശുദ്ധ ലിഖിതങ്ങൾ പറയുന്നുണ്ട്. വിശുദ്ധ പൗലോസ് എഫേസോസ് നഗരത്തിലെ ക്രിസ്ത്യാനികൾക്ക് എഴുതുമ്പോൾ പിതാവായ ദൈവത്തിനു കൃതജ്ഞതയുടെയും സ്തുതിയുടെയും ഒരു കീർത്തനം ആലപിക്കുകയാണ്. എന്തെന്നാൽ അവിടന്ന് തന്റെ അനന്തനന്മകൊണ്ട് നൂറ്റാണ്ടുകളിലൂടെ രക്ഷാപദ്ധതി നടപ്പിലാക്കുന്നു. ആ പദ്ധതിയാകട്ടെ, സ്നേഹത്തിന്റേതാണ്. “തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു” (എഫേ 1:4) എന്നിങ്ങനെ വിശുദ്ധ പൗലോസ് പറയുന്നു. നാം അസ്തിത്വത്തിലേക്കു വരുന്നതിനു“മുമ്പേ” ദൈവത്താൽ സ്നേഹിക്കപ്പെട്ടു! അവിടന്ന് തന്റെ വ്യവസ്ഥാതീതമായ സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ട് നമ്മെ സൃഷ്ടിച്ചു. “അസ്തിത്വമുള്ള എന്തെങ്കിലും കൊണ്ടല്ല” (cf 2 മക്ക 7:28) സൃഷ്ടിച്ചത്. സൃഷ്ടിച്ചതാകട്ടെ, താനുമായി സമ്പൂർണകൂട്ടായ്മയിലേക്കു നയിക്കാനാണ്.

ദൈവപരിപാലനയുടെ പ്രവൃത്തികണ്ട് സങ്കീർത്തകൻ വിസ്മയഭരിതനായി ഇങ്ങനെ പ്രഘോഷിച്ചു: “അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടന്നു സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു; അവിടത്തെ ചിന്തയിൽ വരാൻ മനുഷ്യന് എന്തു മേന്മയാണുള്ളത്? അവിടത്തെ പരിഗണന ലഭിക്കാൻ മർത്ത്യന് എന്ത് അർഹതയാണുള്ളത്?” (സങ്കീ. 8:3–4). അങ്ങനെ നമ്മുടെ അസ്തിത്വത്തിന്റെ അഗാധമായ അർത്ഥം വിസ്മയിപ്പിക്കുന്ന ഈ രഹസ്യത്തിൽ അടങ്ങിയിരിക്കുന്നു: ഓരോസൃഷ്ടിയും, പ്രത്യേകിച്ച് ഓരോ മനുഷ്യവ്യക്തിയും, ദൈവത്തിന്റെ ചിന്തയുടെ ഫലമാണ്, അവിടത്തെ സ്നേഹത്തിന്റെ പ്രവൃത്തി

Irinjalakuda Diocesan Bulletin April 2012

യുമാണ്. ആ സ്നേഹമാകട്ടെ അതിരറ്റതും വിശ്വസ്തവും ശാശ്വതവുമാണ് (cf. ജെറെ. 31:3).

ഈ യാഥാർത്ഥ്യത്തിന്റെ കണ്ടെത്തലാണ് നമ്മുടെ ജീവിതത്തെ യഥാർത്ഥത്തിൽ, ആഴത്തിൽ മാറ്റുന്നത്. വിശുദ്ധ ആഗസ്തീനോസ് താൻ ദൈവത്തെ കണ്ടെത്തിയതിനെപ്പറ്റി തന്റെ ആത്മകഥയായ *ഏറ്റുപറച്ചിൽ* (*Confessiones*) എന്ന ഗ്രന്ഥത്തിൽ ഏറെ ശക്തമായ ഭാഷയിൽ പറ യുന്നുണ്ട്. പരമസൗന്ദര്യവും പരമസ്നേഹവുമായ ദൈവത്തെ, എപ്പോഴും തന്നോട് ഏറ്റവും അടുത്തിരിക്കുന്ന ദൈവത്തെ, തന്റെ മനസ്സും ഹൃദയവും പരിവർത്തിതമാക്കാൻ ആരുടെ മുമ്പിൽ അവസാനം വരെ തുറന്നു വച്ചുവോ ആ ദൈവത്തെ, കണ്ടുമുട്ടിയതായി അദ്ദേഹം പറയുന്നു. അദ്ദേഹം ഇങ്ങനെ എഴുതുന്നു: "ചിരപുരാതനവും നിത്യനൂതനവുമായ ഓ സൗന്ദര്യമേ, ഞാൻ അങ്ങയെ സ്നേഹിക്കാൻ താമസിച്ചുപോയല്ലോ. ഞാൻ അങ്ങയെ വളരെ താമസിച്ചാണു സ്നേഹിച്ചത്! അവിടന്ന് എന്റെ ഉള്ളിലായിരുന്നു, എന്നാൽ ഞാൻ പുറത്തായിരുന്നു, അവിടെയാണ് ഞാൻ അങ്ങയെ അന്വേഷിച്ചത്. എന്റെ സ്നേഹമില്ലായ്മ മൂലം അവിടന്ന് സൃഷ്ടിച്ച സുന്ദരവസ്തുക്കളിൽ ഞാൻ മുങ്ങിത്താണു. അവിടന്ന് എന്നോടുകൂടെയുണ്ടായിരുന്നു. പക്ഷേ, ഞാൻ അങ്ങയോടുകൂടെ ഉണ്ടായിരുന്നില്ല. സൃഷ്ടവസ്തുക്കൾ എന്നെ അങ്ങയിൽ നിന്ന് അകറ്റി നിറുത്തി. എന്നാലും അവ അങ്ങയിൽ ആയിരുന്നില്ലെങ്കിൽ അവയ്ക്ക് അസ്തിത്വം പോലും ഉണ്ടാകുമായിരുന്നില്ല. അവിടന്ന് എന്നെ വിളിച്ചു. ഉറക്കെ വിളിച്ചു. എന്റെ ബധിരതയെ അവിടന്ന് ഭേദിച്ചു. അവിടന്ന് വെളിച്ചം അയച്ചു. പ്രകാശിച്ചു. എന്റെ മേൽ നിശ്വസിച്ചു. ഞാൻ ശ്വാസമടക്കി അടുത്തു വന്നു. ഇപ്പോൾ അങ്ങേക്കുവേണ്ടി ഞാൻ നെടുവീർപ്പിടുന്നു.

ഞാൻ അങ്ങയെ രുചിച്ചു. ഞാൻ അങ്ങേക്കുവേണ്ടി ഇപ്പോൾ കൂടുതലായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. അവിടന്ന് എന്നെ തൊട്ടു. അങ്ങയുടെ സമാധാനത്തിനുവേണ്ടി ഞാൻ കത്തിജ്വലിക്കുന്നു" (X, 27, 38). ഹിപ്പോയിലെ ആ വിശുദ്ധൻ, ദൈവവുമായുള്ള, തന്റെ മുഴുവൻ ജീവിതത്തെയും പരിവർത്തനം ചെയ്യിച്ച ദൈവസ്നേഹവുമായുള്ള കണ്ടുമുട്ടലിന്റെ അവാച്യമായ രഹസ്യത്തെ ഈ പ്രതിരൂപകങ്ങൾ ഉപയോഗിച്ച് വിവരിക്കാൻ പരിശ്രമിക്കുന്നു. ഇത് അതിരില്ലാത്ത സ്നേഹമാണ്. നമുക്കു മുമ്പേ ഉള്ളതും നമ്മെ താങ്ങിനിറുത്തുന്നതും ജീവിതവഴിയിൽ നമ്മെ വിളിക്കുന്നതുമാണ്. ദൈവത്തിന്റെ തികച്ചും സൗജന്യപരമായ ദാനത്തിൽ വേരുറച്ച സ്നേഹമാണത്.

എന്റെ മുൻഗാമി വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ ശുശ്രൂഷാപൗരോഹിത്യത്തെക്കുറിച്ചു പ്രത്യേകമായി സംസാരിക്കുമ്പോൾ ഇപ്രകാരം പ്രസ്താവിച്ചു: "ശുശ്രൂഷാപരമായ ഓരോ പ്രവൃത്തിയും സഭാസ്നേഹത്തിലേക്കും സഭാശുശ്രൂഷയിലേക്കും നയിക്കുന്നതിനോടൊപ്പം സഭയുടെ തലവനും ഇടയനും വരനുമായ യേശുക്രിസ്തുവിനെ വർദ്ധിച്ച തോതിൽ സ്നേഹിക്കാനും ശുശ്രൂഷിക്കാനും പ്രേരണ നല്കുന്നുണ്ട്.

ആ സ്നേഹമാകട്ടെ എപ്പോഴും ക്രിസ്തുവിലുള്ള സൗജന്യപരവും യാചിക്കപ്പെടാത്തതുമായ, ദൈവസ്നേഹത്തോടുള്ള പ്രത്യുത്തരമാകുന്നു (പാസ്തോരെസ് ദാബോ വോബിസ്, 25).

യഥാർത്ഥത്തിൽ സവിശേഷമായ ഓരോ വിളിയും ദൈവത്തിന്റെ മുൻകൈയെടുക്കലിൽ നിന്നുണ്ടാകുന്നതാണ്. അത് ദൈവസ്നേഹത്തിന്റെ ഒരു ദാനമാണ്! ആദ്യം പ്രവർത്തിക്കുന്നത് ദൈവമാണ്. നമ്മിൽ എന്തെങ്കിലും കണ്ടിട്ടല്ല അവിടന്നു പ്രവർത്തിക്കുന്നത്. പിന്നെയോ "നമ്മുടെ ഹൃദയത്തിലേക്ക് പരിശുദ്ധാത്മാവുവഴി ചൊരിഞ്ഞിരിക്കുന്ന" (റോമാ 5:5) തന്റെ സ്നേഹത്തിന്റെ സാന്നിധ്യം മൂലമാണ്.

ഓരോ നൂറ്റാണ്ടിലും ദൈവവിളിയുടെ ഉറവിടം ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ മുൻകൈയെടുക്കലിലാണ് കണ്ടെത്തേണ്ടത്, യേശുക്രിസ്തുവിൽ പൂർണമായി സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സ്നേഹത്തിൽ തന്നെ. "ദൈവം സ്നേഹമാകുന്നു" എന്ന എന്റെ ആദ്യത്തെ ചാക്രികലേഖനത്തിൽ ഞാൻ എഴുതിയതുപോലെ "ദൈവം പലവിധത്തിലും ദൃശ്യനാണ്. ബൈബിളിൽ വിവരിക്കുന്ന പ്രണയകഥയിൽ അവിടന്ന് നമ്മുടെയടുക്കലേക്കു വരുന്നു. അവിടന്നു നമ്മുടെ ഹൃദയങ്ങളെ ജയിച്ചടക്കാൻ പരിശ്രമിക്കുന്നു. അന്തിമാത്താഴത്തിലും കുരിശിൽ വച്ചുള്ള ഹൃദയഭേദനത്തിലും ഉത്ഥാനത്തിനുശേഷമുള്ള പ്രത്യക്ഷപ്പെടലിലും ശിശുവായ സഭയെ അപ്പസ്തോലന്മാരുടെ പ്രവൃത്തി വഴി അതിന്റെ പാതയിലൂടെ നയിച്ച മഹാകർമ്മങ്ങളിലും അവിടന്ന് ഹൃദയങ്ങളെ ജയിച്ചടക്കാൻ പരിശ്രമിക്കുന്നു. സഭയുടെ തുടർന്നുള്ള ചരിത്രത്തിലും അവിടന്ന് സന്നിഹിതനായിരുന്നു. അവിടത്തെ സാന്നിധ്യത്തെ പ്രതിഫലിപ്പിക്കുന്ന സ്ത്രീപുരുഷന്മാരിലൂടെ ഈ ലോകത്തിൽ, കൂദാശകളിൽ, പ്രത്യേകിച്ച് വിശുദ്ധ കുർബാനയിൽ, അവിടന്ന് നമ്മെ എന്നെന്നും പുതുതായി കണ്ടുമുട്ടുന്നു" (നമ്പർ 17).

ദൈവത്തിന്റെ സ്നേഹം ശാശ്വതമാണ്. അവിടന്ന് തന്നോടു തന്നെ വിശ്വസ്തനാണ്. "ഒരായിരം തലമുറകളെ സംബന്ധിച്ച് അവിടന്ന് കല്പിച്ച വാക്കിനെ" (സങ്കീ 105:8) സംബന്ധിച്ച് അവിടന്നു വിശ്വസ്തനാണ്. എന്നാലും നമുക്കു മുമ്പേ ഉണ്ടായിരുന്നതും നമ്മോടൊപ്പം സഞ്ചരിക്കുന്നതുമായ ഈ ദൈവിക സ്നേഹത്തിന്റെ ആകർഷകമായ സൗന്ദര്യം എന്നെന്നും പുതുതായി പ്രഘോഷിക്കപ്പെടണം. പ്രത്യേകിച്ച് യുവജനങ്ങളോടു പ്രഘോഷിക്കപ്പെടണം. ഈ ദൈവികസ്നേഹം ഏറ്റവും പ്രയാസം നിറഞ്ഞ സാഹചര്യത്തിൽ പോലും ഒരിക്കലും പരാജയപ്പെടാത്ത ലക്ഷ്യമാണ്, നിഗൂഢമായ പ്രേരണാശക്തിയാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, നം നമ്മുടെ ജീവിതത്തെ ഈ സ്നേഹത്തിലേക്ക് തുറക്കണം. യേശുക്രിസ്തു നമ്മെ ഓരോ ദിവസവും വിളിക്കുന്നത് പിതാവായ ദൈവത്തിന്റെ സ്നേഹപൂർണതയിലേക്കാണ് (cf മത്താ 5:48).

ദൈവം സ്നേഹിക്കുന്നത് "എങ്ങനെയോ അങ്ങനെ" സ്നേഹിക്കുന്നതിലാണ് ക്രൈസ്തവജീവിതത്തിന്റെ ഉന്നത നിലവാരം. ആ സ്നേഹമാകട്ടെ, പൂർണവും വിശ്വസ്തവും ഫലപൂർണവുമായ ആത്മദാനത്തിലാണ് പ്രദർശിപ്പിക്കപ്പെടുന്നത്.

കുരിശിന്റെ വിശുദ്ധ യോഹന്നാൻ, തന്റെ സസ്പെൻഷൻ മൂലമുണ്ടായ ഭയാനകമായ സാഹചര്യത്തിൽ ദുഃഖിക്കുന്ന സെഗോവിയായിലെ മോണസ്ട്രിയുടെ മഠാധിപയ്ക്ക് മറുപടി എഴുതിയത് ദൈവം പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കാൻ അവളെ പ്രേരിപ്പിച്ചുകൊണ്ടാണ്. അദ്ദേഹം ഇങ്ങനെ എഴുതി: "ദൈവം എല്ലാം നിശ്ചയിക്കുന്നുവെന്നല്ലാതെ മറ്റൊന്നും ചിന്തിക്കരുത്. സ്നേഹമില്ലാത്തിടത്ത് സ്നേഹം വിതയ്ക്കുക. അവിടെനിന്ന് സ്നേഹം സ്വീകരിക്കാനാവും" (എഴുത്തുകൾ, 26).

ആത്മസമർപ്പണത്തിന്റെയും ദൈവസ്നേഹത്തോടുള്ള തുറവിന്റെയും ഈ മണ്ണിലാണ് എല്ലാവിളികളും ജനിക്കുകയും വളരുകയും ചെയ്യുന്നത്. ആ സ്നേഹത്തിന്റെ ഫലമായിട്ടാണ് അവ ഉണ്ടാകുന്നത്. പ്രാർത്ഥന, ദൈവവചനത്തെയും കൂദാശകളെയും, പ്രത്യേകിച്ച്, വിശുദ്ധ കുർബാനയെയും, സ്ഥിരമായി ആശ്രയിക്കൽ എന്നിവയിലൂടെ ഈ ഉറവിടത്തിൽ നിന്ന് നാം ശക്തി സ്വീകരിക്കണം. അപ്പോൾ നമ്മുടെ അയൽക്കാരോടുള്ള സ്നേഹത്തിന്റെ ജീവിതം നയിക്കാൻ നമുക്കു സാധിക്കും. നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ മുഖം അവരിൽ നാം കാണുന്നുവല്ലോ (cf മത്താ 25:37–46).

ദൈവത്തോടുള്ള സ്നേഹം അയൽക്കാരനോടുള്ള സ്നേഹം എന്നീ "രണ്ടു സ്നേഹങ്ങളും" ഒരേ ദൈവിക ഉറവിടത്തിൽ നിന്നു പുറപ്പെടുകയും അതിലേക്കു തിരിച്ചു ചെല്ലുകയും ചെയ്യുന്നു. അവ തമ്മിൽ വിഛേദിക്കാനാവാത്ത ബന്ധമാണുള്ളത്. ആ ബന്ധം വിശദീകരിക്കാൻ മഹാനായ വിശുദ്ധ ഗ്രിഗറി വിത്തു വിതയ്ക്കുന്നതിന്റെ ഉപമ ഉപയോഗിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി: "നമ്മുടെ ഹൃദയമാകുന്ന മണ്ണിൽ ദൈവം ആദ്യം തന്നോടുള്ള സ്നേഹത്തിന്റെ വിത്തു പാകി. അതിൽ നിന്ന് ഇല പോലെ അന്യരോടുള്ള സ്നേഹം വളർന്നു വരുന്നു" (Moralium Libri, sive expositio in librum B. Job, Lib.VII, ch. 24,28; PL 75, 780D).

ശുശ്രൂഷാ പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള വിളി തിരിച്ചറിയാനുള്ള വഴിയേ യാത്ര ചെയ്യാൻ നിശ്ചയിച്ചവർ ഒരേ ദൈവിക സ്നേഹത്തിന്റെ രണ്ടു പ്രകാശനങ്ങളുമനുസരിച്ചു ജീവിക്കണം. പ്രത്യേകമായ തീവ്രതയോടും ഹൃദയവിശുദ്ധിയോടും കൂടി അങ്ങനെ ചെയ്യണം. വൈദികരും സമർപ്പിതരും ദൈവസ്നേഹത്തെ അപൂർണമായിട്ടാണെങ്കിലും പ്രതിഫലിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. വൈദികപട്ടം വഴിയോ സുവിശേഷോപദേശങ്ങളുടെ വ്രതം വഴിയോ സവിശേഷ സമർപ്പണത്തിനുള്ള കർത്താവിന്റെ വിളിക്ക് ഉത്തരം നല്കാനുള്ള പ്രേരണ ആ സ്നേഹമാണ്. മുഴുവനായി സമർപ്പിക്കപ്പെട്ടതും തന്മൂലം ഏറെ സന്തോഷപ്രദവുമായ

ജീവിതത്തിന്റെ രഹസ്യം ഉൾക്കൊള്ളുന്നുണ്ട്, വിശുദ്ധ പത്രോസ് ദിവ്യഗുരുവിനു നല്കിയ ആവേശകരമായ ഉത്തരത്തിൽ. അദ്ദേഹം പറഞ്ഞു: "അതേ കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടെന്ന് നിനക്കറിയാമല്ലോ" (യോഹ 21:15).

സ്നേഹത്തിന്റെ മറ്റേ പ്രായോഗിക പ്രകാശനം, അതായത് നമ്മുടെ അയൽക്കാരോടുള്ള സ്നേഹം, പ്രത്യേകിച്ച് സഹിക്കുന്നവരോടും ഏറ്റവും വലിയ ആവശ്യത്തിൽപ്പെട്ടവരോടുമുള്ള സ്നേഹം, നിർണായകമായ ഒരു പ്രേരണയാണ്. ജനങ്ങളും പ്രത്യാശയുടെ വിതക്കാരനും തമ്മിൽ സംസർഗം സൃഷ്ടിക്കുന്ന വ്യക്തിയാകാൻ വൈദികനെയും സമർപ്പിതവ്യക്തിയെയും പ്രേരിപ്പിക്കുന്നത് അതാണ്. ക്രൈസ്തവ സമൂഹത്തോട് സമർപ്പിതർക്ക്, പ്രത്യേകിച്ച് വൈദികർക്ക് ഉണ്ടായിരിക്കേണ്ട ബന്ധം ജീവത്പ്രധാനമാണ്. അത് അവരുടെ വാത്സല്യത്തിന്റെ മൗലികമാനമായിത്തീരുന്നു. "പുരോഹിതന്മാർ അവർക്കുവേണ്ടിത്തന്നെയുള്ളവരല്ല, നിങ്ങൾക്കുവേണ്ടിയുള്ളവരാണ്" എന്നിങ്ങനെ പറയാൻ ആർസിലെ വികാരി പ്രത്യേകം താത്പര്യം കാണിച്ചിരുന്നു (Le Cure d'Ars. Sapensee - Son coeur, Foi Vivante 1966, p. 100).

പ്രിയസഹോദരരായ മെത്രാന്മാരേ, പ്രിയ വൈദികരേ, ഡീക്കന്മാരേ, സമർപ്പിത സ്ത്രീപുരുഷന്മാരേ, മതപ്രബോധകരേ, അജപാലനപ്രവർത്തകരേ, യുവജനത്തെ പഠിപ്പിക്കുന്ന മണ്ഡലത്തിൽ പ്രവർത്തിക്കുന്നവരേ, ഞാൻ നിങ്ങളോട് തീക്ഷ്ണതയോടെ ആഹ്വാനം ചെയ്യുന്നു: ഇടവകസമൂഹത്തിന്റെയോ സംഘടകളുടെയോ സഭാത്മകപ്രസ്ഥാനങ്ങളുടെയോ അംഗങ്ങളിൽ വൈദികത്വത്തിലേക്കോ സവിശേഷ സമർപ്പണത്തിലേക്കോ വിളിയുണ്ടെന്നു തോന്നുന്നവരിൽ പ്രത്യേക ശ്രദ്ധ ചെലുത്തുണം. ദൈവത്തിന്റെ സ്നേഹപൂർണമായ വിളിയോട് ഉദാരതയോടെ സമ്മതം മൂളാൻ അനേകം യുവജനങ്ങളെ അനുവദിക്കുന്ന അവസ്ഥ സൃഷ്ടിക്കുകയെന്നത് സഭയെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്.

വിളികളെ പരിപോഷിപ്പിക്കുകയെന്ന ധർമ്മം അതിന്റെ വഴിയിൽ സഹായകമായ മാർഗനിർദ്ദേശം നല്കുകയെന്നതാണ്. ഇതോടൊപ്പം ദൈവവചനത്തോടു സ്നേഹമുണ്ടായിരിക്കുകയെന്നതും സുപ്രധാ നമാണ്. വിശുദ്ധഗ്രന്ഥവുമായി വർദ്ധനമായ തോതിലുള്ള പരിചയത്താൽ പോഷിപ്പിക്കപ്പെട്ട സ്നേഹമാണത്. വ്യക്തിപരവും സമൂഹപരവും, ശ്രദ്ധാപൂർവകവും നിരന്തരവുമായ പ്രാർത്ഥനയും ഉണ്ടായിരിക്കണം. അനുദിനജീവിതത്തിന്റെ എല്ലാ ശബ്ദങ്ങളുടെയും ഇടയിൽ ദൈവത്തിന്റെ വിളി കേൾക്കാനുള്ള സാധ്യത ഇതെല്ലാം നല്കും.ന

എന്നാൽ വിശുദ്ധ കുർബാനയായിരിക്കണം ദൈവവിളിപരമായ ഓരോ യാത്രയുടെയും ഹൃദയം. അവിടെയാണ് ക്രിസ്തുവിന്റെ ബലിയിൽ ദൈവസ്നേഹം നമ്മെ സ്പർശിക്കുന്നത്. അത് സ്നേഹത്തിന്റെ പരിപൂർണതയുള്ള

പ്രകടനമാണല്ലോ. ദൈവസ്നേഹത്തിന്റെ ഉയർന്ന തോതിലുള്ള ജീവിതം നയിക്കേണ്ടത് എങ്ങനെയെന്ന് നാം പഠിക്കുന്നത് അതിലാണ്. ദൈവരാജ്യസേവനത്തിനായി ജീവിതം മുഴുവനും ചെലവഴിക്കുന്നതിന്റെ സൗന്ദര്യം ഗ്രഹിക്കാൻ നമ്മെ ശക്തരാക്കുന്ന അമൂല്യനിധികളാണ് വിശുദ്ധഗ്രന്ഥം, പ്രാർത്ഥന, വിശുദ്ധ കുർബാന എന്നിവ. പ്രാദേശികസഭകളും അവയിലുള്ള വിവിധ ഗ്രൂപ്പുകളും ദൈവവിളികളെ ശ്രദ്ധാപൂർവം തിരിച്ചറിയുകയും അവയുടെ ആത്മാർത്ഥത പരിശോധിച്ചറിയുകയും ചെയ്യുന്ന സ്ഥാനങ്ങളാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇങ്ങനെ, ക്രൈസ്തവസമൂഹം തന്നെ, ഓരോ ദൈവവിളിയെയും ഉൾക്കൊള്ളുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രകാശനമായിത്തീരും.

ക്രിസ്തു നല്കിയ പുതിയ കല്പനയുടെ ആവശ്യങ്ങളോടുള്ള ഒരു പ്രത്യുത്തരമെന്ന നിലയിൽ ഇത് ക്രൈസ്തവകുടുംബങ്ങളിൽ ശക്തവും സവിശേഷവുമായ സാക്ഷാത്കാരം കണ്ടെത്തും. അവയുടെ സ്നേഹം തന്റെ സഭയ്ക്കുവേണ്ടി തന്നെത്തന്നെ നല്കിയ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഒരു പ്രകാശനമാണ് (cf എഫേ 5:32). "ജീവന്റെയും സ്നേഹത്തിന്റെയും സമൂഹം" (ഗാവുദിയും ഏത്ത് സ്പെസ് 48) ആയിരിക്കുന്ന കുടുംബത്തിനുള്ളിൽ യുവജനങ്ങൾക്ക് ആത്മദാനപരമായ സ്നേഹത്തിന്റെ വിസ്മയനീയമായ അനുഭവമുണ്ടാകും.

യഥാർത്ഥത്തിൽ കുടുംബങ്ങൾ മാനുഷികവും ക്രൈസ്തവവുമായ പരിശീലനത്തിന്റെ സവിശേഷാനുകൂല്യമുള്ള സ്ഥാനം മാത്രമല്ല. ദൈവരാജ്യത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെടുന്ന ജീവിതത്തിലേക്കുള്ള വിളിയുടെ പ്രാഥമികവും വിശിഷ്ടവുമായ ഞാറ്റടിയുമായിത്തീരാം (ഫമിലിയാരിസ് കൊൺസോർസിയോ 53). വൈദികത്വത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും സൗന്ദര്യവും പ്രാധാന്യവും കുടുംബത്തിൽത്തന്നെ അതിന്റെ അംഗങ്ങൾ കാണാൻ സഹായിക്കുന്നതുവഴി അതു സാധ്യമാകും. അജപാലകരും എല്ലാ അല്മായവിശ്വാസികളും എപ്പോഴും സഹകരിക്കണം. സഭയിൽ സംസർഗത്തിന്റെ ഈ ഭവനങ്ങളും വിദ്യാലയങ്ങളും നസ്രസിലെ തിരുക്കു ടുംബത്തിന്റെ മാതൃകയിൽ വർദ്ധിക്കുന്നതിനാണത്. നസ്രസിലെ ആ കുടും ബം ഭൂമിയിൽ പരിശുദ്ധ ത്രിത്വത്തിന്റെ യുക്തമായ പ്രതിഫലനമാണല്ലോ.

എന്റെ സഹോദരന്മാരായ മെത്രാന്മാരേ, വൈദികരേ, ഡീക്കന്മാരേ, സന്ന്യസ്തരേ, അല്മായവിശ്വാസികളേ, ദൈവത്തിന്റെ ശബ്ദം വിനീതഹൃദയത്തോടെ കേൾക്കാനും അതിനോട് ഔദാര്യത്തോടും വിശ്വസ്തതയോടും കൂടെ പ്രത്യുത്തരിക്കാനും ശ്രമിക്കുന്ന യുവതീ യുവാക്കളേ, പ്രാർത്ഥനാപൂർവകമായ ഈ പ്രത്യാശയോടെ നിങ്ങൾക്ക് എല്ലാവർക്കും ഞാൻ ഹൃദയപൂർവം ശ്ലൈഹികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന് 18 ഒക്ടോബർ 2011

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# Annual Retreat 2012

## 1st Batch JUNE 25-29

1. Rev. Fr. Alappatt Anto G.
2. Rev. Fr. Alappatt Tijo
3. Rev. Fr. Chakkiath Jijo
4. Rev. Fr. Chalissery Vincent
5. Rev. Fr. Cheenan Bency
6. Rev. Fr. Chirayath Francis
7. Rev. Fr. Chirayath Paul
8. Rev. Fr. Chirayath Shaju
9. Rev. Fr. Chittilappilly Jose K.
10. Rev. Fr. Chungath Aji
11. Rev. Fr. Elamkunnapuzha Kins
12. Rev. Fr. Elamkunnapuzha Paul
13. Rev. Fr. Elamthuruthy Sherans
14. Rev. Fr. Erathara Wilson
15. Rev. Fr. Ezhekkadan Sebastian
16. Rev. Fr. Gopuram Joseph
17. V. Rev. Msgr. Irimpan Jose
18. Rev. Fr. Iyyanam John Paul
19. Rev. Fr. Kadambatt Joy
20. Rev. Fr. Kalappurackal Davis
21. Rev. Fr. Kallely Joshy
22. Rev. Fr. Kannampuzha Sojan
23. Rev. Fr. Karippai Anto
24. Rev. Fr. Karippai Jaison
25. Rev. Fr. Karippai Manoj
26. Rev. Fr. Kizhakkumthala Davis
27. Rev. Fr. Kodiyan Rinto
28. Rev. Fr. Kokkatt Joju
29. Rev. Fr. Kolangara Seby
30. Rev. Fr. Kolenchery Jinoj
31. Rev. Fr. Komban Siju
32. Rev. Fr. Kongoth Lijo
33. Rev. Fr. Koonan Jomon
34. Rev. Fr. Koottala Thomas
35. Rev. Fr. Kunnathuparambil Johny
36. Rev. Fr. Kuttikkadan Lazar
37. Rev. Fr. Malakkaran Jino
38. Rev. Fr. Maliekkal Davis
39. Rev. Fr. Maliekkal George
40. V. Rev. Fr. Maliekkal Jose
41. V. Rev. Fr. Manadan Johnson
42. Rev. Fr. Mangalan Paul
43. V. Rev. Fr. Manjaly Jose
44. Rev. Fr. Manjaprakaran Liju
45. Rev. Fr. Nadavaramban Seby
46. Rev. Fr. Nellissery Shibu
47. Rev. Fr. Pakrath Jees
48. Rev. Fr. Pallippat Jaims
49. Rev. Fr. Panikulangara Roy
50. Rev. Fr. Panjikkaran Raphael
51. Rev. Fr. Panjikkaran Sebastian
52. Rev. Fr. Panjikkaran Thomas
53. V. Rev. Fr. Panthallukkaran Jose
54. Rev. Fr. Parambeth Antony
55. Rev. Fr. Parassery Anto
56. Rev. Fr. Pareman George
57. Rev. Fr. Pellissery Aneesh
58. Rev. Fr. Pereppadan Wilson
59. Rev. Fr. Plackal Dinto
60. Rev. Fr. Ponminissery Saji
61. Rev. Fr. Pozholiparambil Binoy
62. Rev. Fr. Pudussery Anil
63. Rev. Fr. Pudussery Antony
64. Rev. Fr. Pudussery Pauly
65. Rev. Fr. Pulicken Febi
66. Rev. Fr. Pullockaran Antony
67. Rev. Fr. Puthenveetil Raphael
68. Rev. Fr. Thadikkaran Thomas
69. Rev. Fr. Tharakkal Joy
70. Rev. Fr. Thattla Kiran
71. Rev. Fr. Thekkekkara Shaji
72. Rev. Fr. Thekkethala John
73. Rev. Fr. Thekkethala Saneesh
74. Rev. Fr. Thekkinieth Arun
75. Rev. Fr. Thundathil Jeejo
76. Rev. Fr. VadakkepeedikaVarghese
77. Rev. Fr. Vakaparambil Jijo
78. Rev. Fr. Vattoly Vineesh
79. Rev. Fr. Vazhappilly John
80. Rev. Fr. Vazhappilly Jose U.
81. Rev. Fr. Vazhappilly Rocky
82. Rev. Fr. Vezhaparambil Goerge

## 2[ND] BATCH JULY 09-13

1. V. Rev. Fr. Alappadan Antu
2. Rev. Fr. Alappatt Joy
3. Rev. Fr. Alappatt Sinto
4. Rev. Fr. Alukka Thomas
5. Rev. Fr. Ambadan Raphael
6. V. Rev. Msgr. Ambooken Davis
7. Rev. Fr. Ambooken Paul C.
8. Rev. Fr. Arikkatt Sebastian
9. Rev. Fr. Arikkatt Varghese(Jr)
10. Rev. Fr. Attokkaran Nevin
11. V. Rev. Fr. Chalissery Varghese
12. Rev. Fr. Cherappanath Pius
13. Rev. Fr. Cheriekkara Ajith
14. Rev. Fr. Cheruvathur Joseph
15. Rev. Fr. Cheruvathur Paul
16. Rev. Fr. Chethalan Andrews
17. V. Rev. Fr. Chirayath Clement
18. Rev. Fr. Chittilappilly Pius
19. Rev. Fr. Chittilappilly Sinto
20. Rev. Fr. Chungath Ignatius
21. Rev. Fr. Eluvathingal Koonan Wilson
22. Rev. Fr. Irimpan Seejo
23. Rev. Fr. Kachappilly Shaju
24. Rev. Fr. Kalambanathadathil Sunny
25. Rev. Fr. Kalan George
26. Rev. Fr. Kalaparambath Lijo
27. Rev. Fr. Kanjithara Seemon
28. Rev. Fr. Kannampilly Thomas
29. Rev. Fr. Kannookkadan Pauly
30. Rev. Fr. Karathra Renil
31. Rev. Fr. Kavalakkatt John (Sr)
32. V. Rev. Msgr. Kavalakkatt Joseph
33. Rev. Fr. Kavil Francis
34. Rev. Fr. Kodiyan Francis
35. Rev. Fr. Koottala Davis
36. Rev. Fr. Kottakkal Sibin
37. Rev. Fr. Kozhippatt Binoy
38. Rev. Fr. Kudiyirikkal Davis
39. Rev. Fr. Kuttikkadan Jojo
40. Rev. Fr. Kuttikkadan Lindo
41. Rev. Fr. Maliekal Thomas D.
42. Rev. Fr. Mandakath Joseph Sunny
43. Rev. Fr. Mangalan George
44. Rev. Fr. Maniparambil Jose
45. Rev. Fr. Mekkedath Manoj
46. Rev. Fr. Menoth Jijo
47. Rev. Fr. Menoth Joby
48. Rev. Fr. Menoth Joy
49. Rev. Fr. Moolan Raphael
50. Rev. Fr. Mukkattukarakkaran Antony
51. Rev. Fr. Nattekkadan Thomas
52. Rev. Fr. Nereparambil Denson
53. Rev. Fr. Palamattam Joji
54. Rev. Fr. Palathingal Joseph
55. Rev. Fr. Palatty Robin
56. Rev. Fr. Paliekara Joshy
57. V. Rev. Fr. Paliekkara Joy
58. Rev. Fr. Pallai Nijo
59. V. Rev. Fr. Parayil Vincent
60. Rev. Fr. Parekkatt Jaison
61. Rev. Fr. Payyappilly Pauly
62. Rev. Fr. Pazhayattil Jose
63. Rev. Fr. Pazhayattil Rejoy
64. Rev. Fr. Pereppadan Varghese
65. Rev. Fr. Plassery George
66. V. Rev. Fr. Pozholiparambil Jobby
67. Rev. Fr. Pulluparambil Jose
68. Rev. Fr. Puthur Sabu
69. Rev. Fr. Thaliyanayath Linto
70. Rev. Fr. Tharayil Johnson
71. Rev. Fr. Thattil Davis
72. Rev. Fr. Thekkethala Joseph
73. Rev. Fr. Thekkineth Antony
74. Rev. Fr. Thettayil Varghese
75. Rev. Fr. Thoduparambil Jojo
76. Rev. Fr. Valiyaveetil Sebastian
77. Rev. Fr. Vazhappilly Justin
78. Rev. Fr. Vazhappilly Sebastian
79. Rev. Fr. Velakkanadan Thomas
80. Rev. Fr. Verampilavil Jinto
81. Rev. Fr. Vethamaiil Jose

## 3RD BATCH JULY 16-20

1. Rev. Fr. Alappatt Johnson G.
2. V. Rev. Fr. Alappatt Vincent
3. Rev. Fr. Ambooken Cyriac
4. Rev. Fr. Ambooken Jose Raphy
5. Rev. Fr. Ambooken Paul A.
6. Rev. Fr. Arickat Jose
7. Rev. Fr. Arikkatt Varghese(Sr)
8. Rev. Fr. Arimbully Benny
9. Rev. Fr. Athiyunthan James
10. Rev. Fr. Chakkoria Nixon
11. Rev. Fr. Chembakassery Vincent
12. Rev. Fr. Chenginiyadan Devis
13. Rev. Fr. Cherappanath Stephen
14. Rev. Fr. Cheruvathur Benny
15. Rev. Fr. Chiramal George
16. Rev. Fr. Chirayath Benjamin
17. Rev. Fr. Chittilappilly Antony
18. Rev. Fr. Chittilappilly Ignatius
19. Rev. Fr. Chittilappilly Jose A.
20. Rev. Fr. Chittilappilly Joseph V.
21. Rev. Fr. Chungath Anto
22. Rev. Fr. Edattukkaran John
23. Rev. Fr. Elamkunnapuzha Jaju
24. Rev. Fr. Elamkunnapuzha Thomas
25. Rev. Fr. Irimpan Antony
26. Rev. Fr. Kadambatt Luxy
27. Rev. Fr. Kaitharath Geo
28. Rev. Fr. Kallaparambil Sibu
29. Rev. Fr. Kallingal Davis
30. Rev. Fr. Kallingal Joji
31. Rev. Fr. Kanamkudam Jose
32. Rev. Fr. Kanamkudam Joseph
33. Rev. Fr. Kandamkulathy George
34. Rev. Fr. Kanjilassery Sebastian
35. Rev. Fr. Kannampuzha Plogen
36. Rev. Fr. Karumalikkal Benny
37. Rev. Fr. Karuthy Lijo
38. Rev. Fr. Kattuparambil Titus
39. Rev. Fr. Kavalakkatt Daison
40. Rev. Fr. Kavalakkatt James
41. Rev. Fr. Kavalakkatt John (Jr)
42. V. Rev. Fr. Kavungal Jose
43. Rev. Fr. Konthuruthy Varghese
44. Rev. Fr. Kudiyirikkal Jaison
45. Rev. Fr. Kunnel Jiji
46. Rev. Fr. Maliekal Andrews
47. V. Rev. Msgr. Maliekal Sebastian
48. Rev. Fr. Maliekal Tom
49. Rev. Fr. Maliekal Varghese
50. Rev. Fr. Manjaly Antony
51. Rev. Fr. Mekkedath Paul
52. V. Rev. Fr. Menachery Johny
53. Rev. Fr. Menachery Thomas
54. Rev. Fr. Nellissery Joy
55. Rev. Fr. Nereparambil Binoy
56. Rev. Fr. Padayatty Pauly
57. Rev. Fr. Palamattam George
58. Rev. Fr. Palathingal Varghese
59. Rev. Fr. Palatty Jose
60. Rev. Fr. Panadan Anto
61. Rev. Fr. Parackal Freejo
62. Rev. Fr. Parambeth Liju Paul
63. Rev. Fr. Parassery Anto
64. Rev. Fr. Parekkadan Anto
65. Rev. Fr. Pathadan Varghese
66. Rev. Fr. Payyappilly Sabu
67. Rev. Fr. Pereppadan Joy
68. Rev. Fr. Pudussery Suresh
69. Rev. Fr. Pudussery Thomas
70. Rev. Fr. Puthenveetil Joy
71. Rev. Fr. Pynadath Riju
72. Rev. Fr. Thachil Anto
73. Rev. Fr. Thadikkaran Thomas
74. Rev. Fr. Thekkekkara Meleppuram John
75. Rev. Fr. Thottiyan Jomy
76. Rev. Fr. Vadakkan Jolly
77. Rev. Fr. Vadakkumchery Jaison
78. Rev. Fr. Valiyaveetil Saji
79. Rev. Fr. Vazhappilly Varghese O.
80. Rev. Fr. Vennattuparambil Jinu

# 12–ാം പാസ്റ്ററൽ കൗൺസിലിന്റെ 4–ാം സമ്മേളന റിപ്പോർട്ട്

2012 മാർച്ച് 10–ാം തിയ്യതി രൂപതാഭവനത്തിൽവച്ച് നടന്ന 12–ാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളന റിപ്പോർട്ട്.

ശനിയാഴ്ച രാവിലെ 10 മണിക്ക് Missionary Sisters of Mary Immaculate ന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ യോഗത്തിന് നേതൃത്വം നൽകി. പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റും വികാരി ജനറലുമായ മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ അഭിവന്ദ്യ പിതാവിനെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും യോഗത്തിലേയ്ക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തു. ദൈവസ്നേഹം അനുഭവിക്കുന്ന വിധത്തിൽ യുവജനങ്ങളെ സഭയോട് ചേർത്ത് നിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും യുവജനവർഷത്തിന്റെ പ്രവർത്തനങ്ങളിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ കടമയെക്കുറിച്ചും സ്വാഗതപ്രസംഗത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് ജെ. കാളൻ മൂന്നാം കൗൺസിൽ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചത് യോഗത്തിൽ പാസ്സാക്കുകയും ചെയ്തു.

